(ബി) ഈ കോളനികളിലെ വേനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുമോ?

ഉത്തരം

(എ) വേനനിർമ്മാണ ധനസഹായത്തിനുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് അതാതു ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ജില്ലാ ഉപദേശകസമിതിയിൽ വച്ച് 80 % ഗുണഭോക്താക്കളെ നറുക്കെടുപ്പിലൂടെയും, 20 % അപേക്ഷകരിൽനിന്നും മുൻഗണനാപ്രകാരം ജില്ലാ വർക്കിംഗ് ഗ്രൂപ്പുമാണ്. ഒരു കോളനിയെയും ഇക്കാര്യത്തിൽ ഒഴിച്ചുനിർത്തിയിട്ടില്ല.

(ബി) നറുക്കെടുപ്പിൽക്കൂടിയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതെന്നതിനാൽ ഏതെങ്കിലും കോളനിക്ക് പ്രത്യേക പരിഗണന നൽകാൻ സാദ്ധ്യമല്ല.

കൂട്ടപ്പു മുതൽ ശൂരവക്കാണിവരെയുള്ള റോഡിന്റെ പണി ട്രൈബൽ സ്കീമിൽ ഉൾപ്പെടുത്താൻ നടപടി

1063 [1975] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പൂരി പഞ്ചായത്തിലെ കൂട്ടപ്പു മുതൽ ശൂരവക്കാണിവരെയുള്ള റോഡ് ട്രൈബൽ സ്കീമിൽ ഉൾപ്പെടുത്തി പണി ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷത്തിൽ പണി ചെയ്യിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗത്തിൽനിന്നും മതപരിവർത്തനം ചെയ്യപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ

1064 [1976] ശ്രീ. പി. സി. ജോർജ്:
,, വി. വി. ജോസഫ്:
,, ടി. എസ്. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗത്തിൽനിന്നും മതപരിവർത്തനം ചെയ്യപ്പെട്ടവർക്ക് ഇന്ന് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്?

ഉത്തരം

പട്ടിക വർഗ്ഗത്തിൽനിന്നും മതപരിവർത്തനം ചെയ്തവർക്ക് പട്ടികവർഗ്ഗത്തിനു നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. പട്ടികജാതിയിൽനിന്നും മതപരിവർത്തനം ചെയ്തവർ പട്ടികജാതിക്കാരോടൊപ്പം എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കും അർഹരാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അഡ്മിഷനുള്ള റിസർവേഷൻ പട്ടികജാതിക്കാരോടൊപ്പം അർഹതയില്ല. പട്ടികജാതിവികസന വകുപ്പിൽനിന്നും നൽകുന്ന വേന നിർമ്മാണ വായ്പ, വ്യവസായ വായ്പ, വക്കീലൻമാർക്കു നൽകുന്ന ഗ്രാന്റ്, വായ്പ മുതലായവയ്ക്ക് മതപരിവർത്തനം ചെയ്തവരും അർഹരാണ്. കോസ്മോപ്പൊളിറ്റൻ ഹോസ്റ്റലിൽ 5 % സീറ്റ് അവർക്കായി നീക്കിവച്ചിട്ടുണ്ട്. പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്ക് ലാസ്റ്റ് ഗ്രേഡിൽ 2 % വും മറ്റുള്ള തസ്തികകളിൽ ഒരു ശതമാനവും നിയമനങ്ങളിൽ റിസർവേഷൻ നൽകിവരുന്നുണ്ട്.

കോട്ടൂർ ചോനമ്പാറ ഗിരിജൻ സ്കൂളിന് കെട്ടിടം പണിയാൻ നടപടി

1065 [1977] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൂർ ചോനമ്പാറ ഗിരിജൻ കേന്ദ്രത്തിലെ സ്കൂളിന് ഇപ്പോഴുള്ള കെട്ടിടം ഒരു ചെറക്കുടിലാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന് ഒരു കെട്ടിടം നിർമ്മിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓലമേഞ്ഞ ഒരു താൽക്കാലിക ഷെഡ്ഡിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്.

(ബി) എൻ. ആർ. ഇ. പി. സ്കീമിലുൾപ്പെടുത്തി ഈ സ്കൂളിന് ഒരു സ്ഥിരം കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ കോളനികളിൽ വൈദ്യുതീകരണം

1066 [1978] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കോളനികളിൽ കക്കൂസ്, കുളിമുറി ഇവ കെട്ടുന്നതിനും വൈദ്യുതീകരണം നടത്തുന്നതിനും സാമ്പത്തിക സഹായം നൽകുന്നതുപോലെ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതിക്കാർക്കും ഈ വർഷം മുതൽ ഈ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കോളനികളിൽ കൂട്ടമായി താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു മാത്രമായിട്ടല്ല, അവിടവിടെ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും ലഭ്യമാകത്തക്ക വിധത്തിലാണ് കക്കൂസ്, കുളിമുറി ഇവ കെട്ടുന്നതിനും വൈദ്യുതീകരണം നടത്തുന്നതിനും ഇപ്പോൾത്തന്നെ ഡിപ്പാർട്ടുമെന്റ് സഹായം നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly